

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കൂത്തുപറമ്പ് മുനിസിപ്പാലിറ്റി ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/ ബി.3/128/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 18/03/2026
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കൂത്തുപറമ്പ് മുനിസിപ്പാലിറ്റി

സർ,

വിഷയം : കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും

അത്മേൽ എടുത്ത തീരുമാനത്ത്ിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3.ജോയിന്റ് ഡയറക്ടർ,എൽ.എസ്.ജി.ഡി,കണ്ണൂർ(ഇ-മെയിൽ)
4.ഓഫീസ് പകർപ്പ്

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/ ബി.3/128/2026

തീയ്യതി: 18/03/2026

കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-02-2025 മുതൽ 05-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 64 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 43 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-01-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ

ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ഷോബി വി.പി.	സീനിയർ ഡെപ്യൂട്ടി ഡയരക്ടർ	06-01-2026	08-01-2026
ശ്രീ ജ്യോതിഷ് കുമാർ സി.വി.	സീനിയർ ഡെപ്യൂട്ടി ഡയരക്ടർ	09-01-2026	27-01-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
06-01-2026	27-01-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ വിനീത് കുമാർ കെ.പി.,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ ഷിജു എ., ഓഡിറ്റ് ഓഫീസർ
ശ്രീമതി രാജിമ എ.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ശാലിനി പി.എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ സജാദ് എം., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി സുജാത ടീച്ചർ വി.	ചെയർപേഴ്സൺ	01-04-2024	31-03-2025
ശ്രീ അജി കെ.ആർ	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയത് (മുതൽ
ശ്രീ വിനോദൻ കെ.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024
ശ്രീമതി രസ്ന മാറോളി(ഓവർസിയർ ഗ്രേഡ് 1)	അസിസ്റ്റന്റ് എഞ്ചിനീയർ-ഇൻ-ചാർജ്	31-10-2024
ശ്രീ വിനോദൻ കെ.	അസിസ്റ്റന്റ് എഞ്ചിനീയർ-ഇൻ-ചാർജ്	14-11-2024
ശ്രീ സന്തോഷ് പി.	അസിസ്റ്റന്റ് എഞ്ചിനീയർ	20-01-2025
ശ്രീമതി അമൃത കെ.കെ.	കൃഷി ഓഫീസർ	01-04-2024
ഡോ.അലി കെ.വി.	മെഡിക്കൽ ഓഫീസർ(സി എച്ച് സി)	01-04-2024
ഡോ.സിതാര ധർമ്മരാജ്	മെഡിക്കൽ ഓഫീസർ(ആയുർവേദം)	01-04-2024
ഡോ.ടീന ക്ലീറസ്	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-04-2024
ശ്രീ.ദിനേശൻ കേയന്റവിട	ഹെഡ്മാസ്റ്റർ	01-04-2024
ശ്രീ.അബ്ദുൾ സത്താർ.എം	ക്ലീൻ സിറ്റി മാനേജർ	01-04-2024
ശ്രീ.രജീഷ്.ടി.കെ	ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ	01-04-2024

ശ്രീമതി.ഷീന ലോറൻസ്	പ്രൊജക്ട് ഓഫീസർ, U.P.A.C	01-04-2024
ഡോ.ധനഞ്ജയൻ.സി.വി	വെറ്റിനറി സർജ്ജൻ	01-04-2024
ശ്രീമതി പ്രിയ പി.എം.	ICDS സൂപ്പർവൈസർ	01-04-2024
ശ്രീമതി ബിന്ദു ടി.	ICDS സൂപ്പർവൈസർ-ഇൻ-ചാർജ്	28-07-2024
ശ്രീമതി സോണി പി.ജെ.	ICDS സൂപ്പർവൈസർ	14-08-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല	1-1-1
3	മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല	1-1-2
4	മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം,ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, ഹെൽത്ത് ഗ്രാന്റ് ചെലവ് തുകകൾ വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സുലേഖ ചെലവ് പത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല	1-1-3
5	ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.	1-1-4
6	പി എം എ വൈ വരവ് ചെലവ് പൂർണ്ണമായും അക്കൗണ്ട് ചെയ്തില്ല	1-1-5
7	അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് പൂർണ്ണമായും അക്കൗണ്ട് ചെയ്തില്ല	1-1-6
8	കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് കാലികമാക്കിയിട്ടില്ല	1-1-7
9	കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല	1-1-8
10	സ്റ്റോക്ക് ഇൻ ഹാൻഡ് കൃത്യത പരിശോധിക്കാൻ രേഖകൾ ലഭ്യമല്ല	1-1-9
11	സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.	1-1-10
12	ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.	1-1-11
13	വായ്പ രജിസ്റ്റർ പ്രകാരമുള്ള വായ്പ ബാധ്യത തുകയും വാർഷിക കണക്ക് പ്രകാരമുള്ള വായ്പ ബാധ്യത തുകയും പൊരുത്തപ്പെടുന്നില്ല	1-1-12

14	ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.	1-1-13
15	വരവിനങ്ങളുടെ കൃത്യത പരിശോധിക്കാൻ രേഖകൾ ലഭ്യമല്ല	1-1-14
16	ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല	1-1-15
17	വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം ചെലവ് തുക അക്കൗണ്ട് ചെയ്തില്ല	1-1-16
18	പ്ലാന്റ് & മെഷിനറി എന്ന ആസ്തിക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.	1-1-17
19	അഡ്വാൻസ് ടു അദേഴ്സ് - അഡ്വാൻസ് ശീർഷകത്തിൽ ഉൾപ്പെടുത്താതെ ഫിക്സഡ് അസറ്റിൽ ഉൾപ്പെടുത്തി.	1-1-18
20	ബി 8 ഷെഡ്യൂൾ - അദർ ലയബിലിറ്റീസ് കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമല്ല.	1-1-19
21	റികൺസിലിയേഷൻ സ്റ്റേറ്റ്മന്റിൽ Directly Debited By Bank(Freeze, ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്ടഡ് ആയി കാണിച്ച തുകകൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.	1-1-20
22	വാർഷികകണക്കിലെ ബി-4 ഷെഡ്യൂളിൽ ബാധ്യത ശീർഷകത്തിൽ കാണിച്ചിട്ടുള്ള തുകകളുടെ വിശദാംശം ലഭ്യമാക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.	1-1-21
23	ഹെൽത്ത്ഗ്രാന്റ് ഡയഗ്നോസ്റ്റിക് ഇൻഫ്രോസ്ട്രക്ചർ -സ്കീം-5, PMAY കേന്ദ്രവിഹിതം ലഭ്യമാവുന്ന അക്കൗണ്ടുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയില്ല	1-1-22
24	വാർഷികകണക്കിലെ ക്ഷേമപെൻഷൻ തുകകൾ സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കിയ തുകകളുമായി പൊരുത്തപ്പെടുന്നില്ല	1-1-23
25	ഐ സിഡിഎസ് കേന്ദ്രവിഹിതം വരവ് ചെലവ് ബാലൻസ് പൊരുത്തപ്പെടുന്നില്ല.	1-1-24

26	ബാലൻസ് ഷീറ്റിൽ ബി-14 ഷെഡ്യൂളിൽ ഗ്രാന്റ്സ് റിസീവബിൾ ഇനത്തിലെ 4026082 രൂപ, റിസീവബിൾ അദേഴ്സിലെ 20334715 രൂപ എന്നിവയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല	1-1-25
27	ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് വരവ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.	1-1-26
28	വസ്തുനികുതി അരിയർ ഡിമാന്റ് കളക്ഷനിൽ ജേണൽ എൻട്രി വഴി ക്രഡിറ്റിൽ ഉൾപ്പെടുത്തിയ തുകയുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ ലഭ്യമല്ല	1-1-27
29	ബജറ്റ്	1-2
30	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേമെന്റ് പ്രകാരം)	1-3
31	ഫണ്ട് വിനിയോഗം	1-4
32	പദ്ധതി അവലോകനം	1-5
33	അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി-അവലോകനം	1-6-1
34	അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി	1-6
35	ക്ഷേമ പദ്ധതികൾ	1-7
36	ക്യാഷ് പരിശോധന	1-8
37	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-9
38	വാർഡ് സഭ	1-10
39	കമ്മറ്റികളുടെ പ്രവർത്തനം	1-11
40	രജിസ്ട്രേഷൻ പുതുക്കാത്ത പാരാമെഡിക്കൽ സ്ഥാപനങ്ങൾ മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്നു.	1-12
41	ട്യൂട്ടോറിയൽ രജിസ്ട്രേഷൻ ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-13
42	കടമുറികളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല	1-14
43	വസ്തു നികുതി പരിഷ്ക്കരണ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല	1-15
44	വസ്തു നികുതി- വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ്	1-16

	വരുത്തിയിട്ടില്ല	
45	ഓട്ടോറിക്ഷ ഫീ പിരിവ് ലേലം, ടാക്സി ജീപ്പ് പാർക്കിംഗ് ലേലം - ബൈലോ വ്യവസ്ഥകൾ പാലിച്ചില്ല	1-17
46	ഡിമാൻഡ് ചെയ്ത മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-18
47	തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ	1-19
48	ബസ്സ് സ്റ്റാൻഡ് ഫീസ് പിരിവ് ലേലം ജി എസ് ടി ഇനത്തിൽ 103140/-രൂപയുടെ നഷ്ടം	1-20
49	തുക മുൻകൂറായി അനുവദിച്ചിട്ടും മരുന്നും കൺസ്യൂമബിൾസും പൂർണ്ണമായും ലഭ്യമായില്ല.₹534323 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-21
50	ഗവ. താലൂക്ക് ആശുപത്രിക്ക് എക്സ് റേ മെഷീൻ വാങ്ങൽ - രേഖകൾ ലഭ്യമാക്കിയില്ല -₹1480919 യുടെ ചെലവ് തടസ്സുപ്പെടുത്തുന്നു.	1-22
51	മൃഗാശുപത്രിയുടെ കണ്ടിജന്റ് ചെലവുകൾ - അധികം അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.	1-23
52	കാലിത്തീറ്റ വിതരണം - സബ്സിഡി അധികം അനുവദിച്ചു	1-24
53	ഗവ.എൽ.പി സ്കൂളിന് കളി ഉപകരണങ്ങളും സ്പോർട്സ് സാമഗ്രികളും വാങ്ങൽ -രേഖകൾ ലഭ്യമാക്കിയില്ല - ₹149520യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-25
54	ഗവ.ഹയർ സെക്കന്ററി സ്കൂളിൽ സോളാർ പാനൽ സ്ഥാപിക്കൽ - രേഖകൾ ലഭ്യമാക്കിയില്ല - ₹999900 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-26
55	ഗവ.എൽ.പി സ്കൂൾ കൂത്തുപറമ്പ് - വാട്ടർ ചാർജ് കുടിശ്ശിക	1-27
56	തനത് ഫണ്ട് ചെലവ് - രേഖകൾ ലഭ്യമല്ല - 340180 /യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-28
57	അർബൻ ഹെൽത്ത് ആന്റ് വെൽനെസ് സെന്ററർ -ഫാർമസിസ്റ്റിന് അധികം വേതനം	1-29

	അനുവദിച്ചു -₹3500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	
58	കൂത്തുപറമ്പ് നഗരസഭയുടെ ബസ് സ്റ്റാന്റ് നിർമാണത്തിന് ഭൂമി അക്വയർ ചെയ്തത് - ഹൈക്കോടതി വിധി പ്രകാരം നഷ്ടപരിഹാരം നൽകിയതിന്റെ കൃത്യത വ്യക്തമാക്കുന്ന രേഖകൾ ലഭ്യമല്ല ₹9,71,25,659 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-30
59	എ ബി സി പദ്ധതിക്ക് തുക കൈമാറൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല ₹3,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-31
60	സാംസ്കാരിക സ്ഥാപനങ്ങൾക്ക് ആനുകാലികങ്ങൾ വാങ്ങൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചില്ല.	1-32
61	കൂത്തുപറമ്പ ജിയോഗ്രഫിക്ക് ഇൻഫർമേഷൻ സിസ്റ്റം പൂർത്തീകരണ വിവരം ലഭ്യമല്ല ₹200000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-33
62	അമൃത് പദ്ധതിക്ക് നഗരസഭാ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. ₹2317500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-34
63	സെക്രട്ടറിയുടെ ക്വാർട്ടേഴ്സ് വാടക രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല-വാടക ഇനത്തിലെ ചെലവ് തുക ₹108000 തടസ്സപ്പെടുത്തുന്നു	1-35
64	വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ് വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല. ₹2,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-36
65	ഫെസ്റ്റിവൽ അഡ്വാൻസ് ക്രമീകരിക്കാൻ ബാക്കിയുള്ള തുക സംബന്ധിച്ച വിവരം ലഭ്യമല്ല.	1-37
66	കേരളോത്സവം 2024 - ചെലവ് രേഖകൾ ലഭ്യമല്ല ₹152570 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-38
67	ഷീലോഡ്ജിന് ഫർണിച്ചർ വാങ്ങൽ - അപാകങ്ങൾ 34100 രൂപയുടെ ചെലവ്	1-39

	തടസ്സപ്പെടുത്തുന്നു	
68	വയോ മിത്രം സാമൂഹ്യ സുരക്ഷ മിഷന് നഗരസഭ വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമല്ല - 1000000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-40
69	സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0 - രേഖകൾ ലഭ്യമാക്കിയില്ല ₹89592 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-41
70	ഐ.കെ.എം വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമല്ല - ₹132990യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-42
71	പ്രധാൻ മന്ത്രി ആവാസ് യോജന(നഗരം) - ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കാലതാമസം	1-43
72	മുറ്റത്തൊരു മീൻതോട്ടം മീൻ വളർത്തൽ ആരംഭിച്ചിട്ടില്ല - 16000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-44
73	ടേക്ക് എ ബ്രേക്ക് ടോയിലെറ്റ് നിർമ്മാണം, പഴയനിരത്ത് - പ്രവൃത്തി വൈകിയതുമായി ബന്ധപ്പെട്ട അപാകങ്ങൾ	1-45
74	നഗരസഭക്ക് ലിഫ്റ്റ് നിർമ്മാണം - അപാകങ്ങൾ	1-46
75	വാർഡ് 19 അർബൻ വെൽനെസ്സ് സെന്ററർ നിർമ്മാണം പൊളിച്ചുമാറ്റിയ സാധനങ്ങൾ എന്ത് ചെയ്തു എന്ന് വ്യക്തമല്ല.	1-47
76	ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും	1-48
77	പെൻഷൻ ഫണ്ട് - അവലോകനം	1-49
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ് - പ്രീമിയം ഒടുക്ക് വിവരങ്ങൾ	4-1
2	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2

3	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ	4-5
6	വായ്പ /വായ്പ തിരിച്ചടവ്	4-6
7	സ്ഥിരനിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം	4-9
10	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മന്റ്	
4	ഇൻകം&എക്സ്പെന്റീച്ചർ സ്റ്റേറ്റ്മന്റ്	
5	ബാലൻസ് ഷീറ്റ്	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയുടെ 2025 മാർച്ച് 31 ന് അവസാനിച്ച സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട് എന്നിവയും 31.03. ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്ര അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതി നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 30.11.2025 തീയതിയിൽ എയിംസ വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2 (അക്കൗണ്ട് ചട്ടങ്ങൾ) , കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേര 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ കമ്മിഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാക മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാ തയ്യാറാക്കുന്നത് മുനിസിപ്പാലിറ്റി സ്ഥാപന മാനേജ്മെന്റിന്റെ ഉത്ത ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്ര എന്റെ ഉത്തരവാദിത്തം.

Ii) സി & എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേ വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്ത തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗര അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റി അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തു എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡി വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെ അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാ അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങ മുനിസിപ്പാലിറ്റിയുടെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക

ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളു
നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

ഉ

കണ്ണൂർ,
18.03.2026.

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്ര ഉൾപ്പെടുത്തിയിട്ടില്ല

I.2007ലെ മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58.3 പ്ര പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വ ഭാഗമാക്കിയിട്ടില്ല.

Ii. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-2 മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്

2007-ലെ മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58.3 പ്രകാരം വ വാർഷിക കണക്കിൽ മുൻ വർഷത്തെ താരതമ്യ തുകക നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം താരതമ്യ തുകകൾ ഉൾപ്പെടുത

1-1-3 മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം,ഫിനാൻ ഹെൽത്ത് ഗ്രാന്റ് ചെലവ് തുകകൾ വാർഷിക ധനക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സുലേഖ ചെ പൊരുത്തപ്പെടുന്നില്ല

താഴെ പറയുന്ന ഇനങ്ങളിലെ ചെലവ് തുകകൾ വാർഷിക ധനക കൺട്രോൾ രജിസ്റ്റർ, സുലേഖ ചെലവ് പത്രിക എ രേഖപ്പെടുത്തിയിട്ടുള്ളത്. ഇവ തമ്മിൽ പൊരുത്തപ്പെടാത്തതിനുള്ള ക

ഇനം	വാർഷിക ധനകാര്യ പത്രിക	അപ്രോപ്രിയേഷൻ കൺട്രോൾ റജിസ്റ്റർ	സുലേഖ ചെലവ് പത്രിക
മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം	31473491 (10204029+21269462)	32731918	31102143
ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ടൈഡ് അൺടൈഡ്	10680198(4789348+5890850)	4812220 5629166 10441386	10441386

ഹെൽത്ത് ഗ്രാന്റ്	529476	4865223	2575145

1-1-4 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബ പൊരുത്തപ്പെടുന്നില്ല.

1) ചെയർമാന്റെ ദുരിതാശ്വാസ നിധിയിലെ നീക്കിയിരിപ്പ് തുക ബാല ₹6700 യും B-17 ഷെഡ്യൂളിൽ ₹1700 യുമാണ്.
2) താഴെ പറയുന്ന ഗ്രാന്റുകളുടെ B-17 ഷെഡ്യൂൾ പ്രകാരമുള്ള ബാങ്ക് പ പ്രകാരമുള്ള ബാധ്യത തുകയുമായി പൊരുത്തപ്പെടുന്നില്ല.

ഇനം	B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക	B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക
RMSA	0	615043
PMAY	47871	6115
സ്വച്ഛ് ഭാരത് മിഷൻ സോളിഡ് വേസ്റ്റ് മാനേജ്മെന്റ്	0	136977

1-1-5 പി എം എ വൈ വരവ് ചെലവ് പൂർണ്ണമായും അ

പി എം എ വൈ പദ്ധതിയിൽ വാർഷികകണക്കിൽ 2107726 രൂപയാണ് സ്ഥാപനത്തിന് പി എം എ വൈ-യുടെതായി മൂന്ന് അക്കൗണ്ടുകൾ ഉ ലോൺ അക്കൗണ്ട്, പി എം എ വൈ പഞ്ചാബ് നാഷണൽ ബാങ്കിലെ 43 എ വൈ സെൻട്രൽ & സ്റ്റേറ്റ് ഷെയർ വരുന്ന ഐ സി ഐ സി ഐ എ എന്നാൽ സ്ഥാപനത്തിന്റെ വാർഷികകണക്കിൽ പി എം എ വൈ അക്കൗണ്ട് ഉൾപ്പെടുത്തിയിട്ടില്ല. പി എം എ വൈ പഞ്ചാബ് നാഷണ ചെലവ് വിവരങ്ങൾ മാത്രമേ വാർഷിക ധനകാര്യ പത്രികയിൽ ഉൾ ഫണ്ട്, വികസനഫണ്ട് വിഹിതം എന്നിവ ഈ അക്കൗണ്ടി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നല്കുന്നത്. സ്ഥാപനം വികസ എ വൈ വിഹിതം ഇനത്തിൽ വകയിരുത്തിയ തുക ടി അക്കൗണ്ടിലേ പലിശ 4683, അക്കൗണ്ട് തെറ്റായി മടങ്ങി വന്ന തുക 159443 രൂപ അക്കൗണ്ടിൽ വരവെടുത്തത്. പി എം എ വൈ സെൻട്രൽ & സ്റ്റേറ്റ് ഷെ ലക്ഷം അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. വികസനഫണ്ട് ജനറലിൽ ത തന്നെയാണ് വീണ്ടും പി എം എ വൈ അക്കൗണ്ടിൽ വരവെടുത്തത്. വിവരം പൂർണ്ണമായും അക്കൗണ്ടിൽ ഉൾപ്പെടാത്തത് അപാകമാണ്.

1-1-6 അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി വരവ് ചെ അക്കൗണ്ട് ചെയ്തില്ല

അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ ഇൻകം & എക്സ്പെന്റിച്ച കാണിച്ചിട്ടുള്ളത് 141617 രൂപയും Expenditure On Poverty Eradication Programme - 5804968 രൂപയുമാണ്. എന്നാൽ സ്ഥാപനത്തിലെ കാഷ് ബുക്ക് പ്രകാരം ചെലവും ബാക്കി 583 രൂപ ട്രഷറിയിൽ നിന്ന് തിരികെ പോവുകയും കണക്കിൽ മേൽ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

1-1-7 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് കാലികമാക്കിയ

കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസിൽ മുൻ വർഷത്തെ നീക്കിയിരി ചേർത്തത്. പാർട് ബിൽ നൽകിയതിൽ പൂർത്തിയായ പ്രവൃത്തികൾ തൻവർഷത്തെ പാർട് ബിൽ നൽകിയ പ്രവൃത്തികൾ മേൽ ഹെഡിൽ ഉ

1-1-8 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയി

കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല. വാർഷിക ക വികസനഫണ്ട് ജനറലിലെ കാപ്പിറ്റൽ ചെലവ് 2620382 രൂപയും മെയിന്റ 10204029 രൂപയും മാത്രമാണ് കാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ ചേർത്ത ചെലവുകൾ മേൽ ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-9 സ്റ്റോക്ക് ഇൻ ഹാൻഡ് കൃത്യത പരിശോധിക്കാൻ

ബാലൻസ് ഷീറ്റ് ബി-13 ഷെഡ്യൂളിൽ സ്റ്റോക്ക് ഇൻ ഹാൻഡ് മുൻവർഷ ഈ വർഷവും ചേർത്തിട്ടുള്ളത്. ആയതിന്റെ കൃത്യത പരിശോധിക്കാ

1-1-10 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തു

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയ വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ ന രേഖപ്പെടുത്തുന്നില്ല. ഉദാഹരണംഃ വസ്തു നികുതി സാമ്പത്തിക രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-11 ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേ രേഖകൾ ഇല്ല.

ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ ഗ്രാന്റ് ഓപ്പണിംഗ് ബാലൻസ് കറക്ഷനിൽ 23320784രൂപ ജേണലിട്ട് കുറവ എൻട്രിയെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.
ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡിൽ മുൻവർഷത്തെ ബാലൻസ നീക്കിയിരിപ്പുണ്ട്. എന്നാൽ തൻവർഷം മേൽ ഹെഡിന്റെ ലഡ്ജർ പരിശോ 27126567 രൂപയാണ് കാണിച്ചിട്ടുള്ളത്. ട്രയൽ ബാലൻസിൽ മേൽ ര കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക്ക് പർപ്പസ് എന്ന ശീർഷകത്തിൽ ചേർത്തത്. ഇപ്രകാരം ജേണൽ ചെയ്ത് മാറ്റം വരുത്തിയ എൻട്രിക ലഭ്യമാക്കിയിട്ടില്ല.
പ്രയർ പിരിയഡ് ഐറ്റംസിൽ ജേണൽ ചെയ്ത് ഉൾപ്പടുത്തിയ തുകകളുടെ വിശ

1-1-12 വായ്പ രജിസ്റ്റർ പ്രകാരമുള്ള വായ്പ ബാധ്യത തുക പ്രകാരമുള്ള വായ്പ ബാധ്യത തുകയും പൊരുത്തപ്പെട്ട

വായ്പ രജിസ്റ്റർ പ്രകാരമുള്ള വായ്പ ബാധ്യത തുകയും വാർഷിക കണ തുകയും പൊരുത്തപ്പെടുന്നില്ല. 2023-24 വർഷത്തെ ബാലൻസ് ഷീറ്റ് പ്രക രൂപയും തൻവർഷം എടുത്ത ഹഡ്കോ വായ്പ 1200000 രൂപയും ചേർത്ത രൂപയാണ്. ഇതിൽ ലൈഫ് ലോൺ വായ്പ ഇനത്തിൽ ജി ഒ പ്രൊജക്ട് അടവാക്കിയിട്ടുണ്ട്. ആയതിന് ശേഷം ബാധ്യത 35923334 രൂപയാണ് വാർഷിക കണക്കിൽ ബാധ്യതയായി ചേർത്തിരിക്കുന്നത് 38226666 ര വ്യക്തത വരുത്തിയിട്ടില്ല. മുൻവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം Loa രൂപ വായ്പ ബാധ്യത കാണിച്ചിട്ടുണ്ട്. മേൽ തുക ക്രമീകരിച്ചത് സംബന്ധ

1-1-13 ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ കാ സൂക്ഷിച്ചിട്ടില്ല.

വാർഷിക കണക്കിലെ ബി-7, ബി-18 ശീർഷകങ്ങളിലെ തുകകള കഴിഞ്ഞിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററും അഡ്വാൻസ് രജിസ്റ്ററും പൂർണ്ണമ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

1-1-14 വരവിനങ്ങളുടെ കൃത്യത പരിശോധിക്കാൻ രേ

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവിധ വരവിനങ്ങള ആവശ്യമായ ഡി സിബി പത്രിക രജിസ്റ്ററുകൾ (തൊഴിൽ നികുതി, (ഒഴികെയുള്ളവ) ലഭ്യമല്ല. തൊഴിൽ നികുതി എംപ്ലോയീസ് വാർഷിക കളക്ഷൻ ബാലൻസ് ലഭ്യമാക്കിയ ഡി സി ബി പത്രികയുമായി പൊരുത

1-1-15 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള Movable Assets, Immovable പരിശോധിക്കുന്നതിന് ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

1-1-16 വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന അക്കൗണ്ട് ചെയ്തില്ല

വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തി

1-1-17 പ്ലാന്റ് & മെഷിനറി എന്ന ആസ്തിക്ക് ഡിപ്രീസി രേഖപ്പെടുത്തിയിട്ടില്ല.

ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തുന്നതിനാധാരമാക്കി തൻവർഷം പ്ലാന്റ് & മെഷിനറി എന്ന ആസ്തിക്ക് ഡിപ്രീസിയേഷൻ രേ

1-1-18 അഡ്വാൻസ് ടു അദേഴ്സ് - അഡ്വാൻസ് ശീർഷകര ഫിക്സഡ് അസറ്റിൽ ഉൾപ്പെടുത്തി.

അഡ്വാൻസ് ടു അദ്ദേഹ്ലു 555502 രൂപ ബി-18 ലോൺസ് & അഡ്വാൻസ് ശ
ബി-11 ഫിക്സഡ് അസറ്റിൽ ചേർത്തു.

1-1-19 ബി 8 ഷെഡ്യൂൾ - അദർ ലയബിലിറ്റീസ് കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമല്ല.

ബി 8 ഷെഡ്യൂൾ - അദർ ലയബിലിറ്റീസ് ആയി രേഖപ്പെടു പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമല്ല.

1-1-20 റികൺസിലിയേഷൻ സ്റ്റേറ്റ്മന്റിൽ Directly Deb ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്ടഡ് ആയി കാണിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല.

എസ് ബി ഐ ഓൺലൈൻ പേയ്മെന്റ് അക്കൗണ്ടിന്റെ റികൺസി Debited By Bank(Freeze)-37642 രൂപ, ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് രൂപയുടെ വിശദാംശം എന്നിവ ലഭ്യമാക്കിയിട്ടില്ല.

1-1-21 വാർഷികകണക്കിലെ ബി-4 ഷെഡ്യൂളിൽ ബാ കാണിച്ചിട്ടുള്ള തുകകളുടെ വിശദാംശം ലഭ്യമാക്കുന കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

വാർഷികകണക്കിലെ ബി-4 ഷെഡ്യൂളിൽ ബാധ്യത ശീർഷകത്തി വിശദാംശം ലഭ്യമാക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ ബി-4 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള താഴെ കാണിച്ചിട്ടുള്ള തുകകളുടെ
1) Grants From Other Government Agencies -407600
2)Grants ,Contributions For Specific Purpose Central Govt-7255643
3) Donations To CMDRF -6649

1-1-22 ഹെൽത്ത്ഗ്രാന്റ് ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്ര കേന്ദ്രവിഹിതം ലഭ്യമാവുന്ന അക്കൗണ്ടുകൾ വാർഷി ഉൾപ്പെടുത്തിയില്ല

1)ഹെൽത്ത്ഗ്രാന്റ് ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ച്ചർ -സ്കീം-5 സ ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റിക്കാ കൂത്തുപറമ്പ് ശാഖയിൽ 68590100014084 നമ്പർ ആയി തുടങ്ങിയ അക്ക 26,64,000 രൂപ 7-11-2023 ന് വരവ് വന്നിട്ടുണ്ട്. തുടർന്ന് 24-25 വർഷം നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ അക്കൗണ്ട് വാർഷികകണക്കിൽ ഉൾ
2) പി എം എ വൈ സെൻട്രൽ & സ്റ്റേറ്റ് ഷെയർ വരുന്ന ഐ സി ഐ അക്കൗണ്ടും മേൽ അക്കൗണ്ടിലെ വരവ് ചെലവ് വിവരങ്ങളും വാർഷി

1-1-23 വാർഷികകണക്കിലെ ക്ഷേമപെൻഷൻ തുക നിന്ന് ലഭ്യമാക്കിയ തുകകളുമായി പൊരുത്തപ്പെടുന

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	വാർഷികകണക്ക് പ്രകാരം (₹)

കർഷക തൊഴിലാളി പെൻഷൻ	2135200	3150000
വിധവാ പെൻഷൻ	20366200	30348700
വാർദ്ധക്യകാല പെൻഷൻ	33259400	46635200
ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ	5218000	7798000
വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം	150000	0
50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	5334200	7899000

1-1-24 ഐ സിഡിഎസ് കേന്ദ്രവിഹിതം വരവ് ചെലവ് പൊരുത്തപ്പെടുന്നില്ല.

ഐ സിഡിഎസ് കേന്ദ്രവിഹിതം ഇനത്തിൽ ഐ സിഡിഎസ് സൂ പദ്ധതി പ്രകാരം 20 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാർഷി ഫണ്ടിനത്തിലെ ചെലവായി കാണിച്ചിട്ടുള്ളത് 803017 രൂപയാണ്. മേ രൂപയും നീക്കിയിരിപ്പായി 157734 രൂപയും ചേർത്തിട്ടുണ്ട്. സുലേഖ ചെ 20 ലക്ഷം രൂപ ചെലവഴിച്ചതെങ്ങനെ എന്ന് വ്യക്തമല്ല.

1-1-25 ബാലൻസ് ഷീറ്റിൽ ബി-14 ഷെഡ്യൂളിൽ ഗ്രാന്റ് ഇനത്തിലെ 4026082 രൂപ, റിസീവബിൾ അദ്ദേഹത്തിലെ 203 വിശദാംശം ലഭ്യമാക്കിയിട്ടില്ല

ബാലൻസ് ഷീറ്റിൽ ബി-14 ഷെഡ്യൂളിൽ ഗ്രാന്റ്സ് റിസീവബിൾ ഇനത അദ്ദേഹത്തിലെ 20334715 രൂപ എന്നിവയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

1-1-26 ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് വർ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് വരവ് വിവരം സാംഖ്യ അപ്രോപ്രി അപ്ഡേഷൻ വരാത്തതിനാൽ ലഭ്യമല്ല. ലഭ്യമാക്കിയ ഗ്രാന്റ് ഓർഡർ, പറയും പ്രകാരമാണ് വരവ് വന്നിട്ടുള്ളത്. വാർഷിക കണ പൊരുത്തപ്പെടുന്നില്ല.

ഫണ്ട്	വരവ് വിവരം (അലോട്ട്മെന്റ് ഓർഡർ + പലിശ)	വരവ് വിവരം (വാർഷിക കണക്ക്)
ഫിനാൻസ് കമ്മീഷൻ	4097486	4114936

ഗ്രാന്റ്-അൺടൈഡ്		

1-1-27 വസ്തുനികുതി അരിയർ ഡിമാന്റ് കളക്ഷനിൽ ക്രെഡിറ്റിൽ ഉൾപ്പെടുത്തിയ തുകയുടെ ആധികാരിക രേഖകൾ ലഭ്യമല്ല

വസ്തു നികുതി കുടിശ്ശിക രേഖപ്പെടുത്തുന്ന 4311002 - Receivables For Property Details എന്ന കോളത്തിൽ Tax Remission & Refund - Property Tax(General) എന്ന ഉൾപ്പെടുത്തി ജേർണൽ വൗച്ചർ വഴി 411379 ക്രെഡിറ്റ് ചെയ്ത് കുടിശ്ശിക ഇ ഒഴിവാക്കിയിട്ടുണ്ട്. ഇതിന്റെ റിമാർക്സിൽ 'Suspence Account Head Change, പ്രസ്തുത ജേർണൽ വൗച്ചറിൽ നിന്നും മേൽ തുകയായ 411379 രൂപ ഒഴിവ ഉറപ്പിക്കാൻ ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടത

1-2 ബജറ്റ്

വർഷം	2024-25	
	ബജറ്റ് പ്രകാരം (₹)	പുതുക്കിയ ബജറ്റ് പ്രകാരം (₹)
തീരുമാനംനമ്പർ, തീയതി	1/13-02-2024	1/14-03-25
മുന്നിരിപ്പ്	1,64,19,737	3,62,78,635
വരവ്	34,10,24,100	36,20,84,900
ആകെ	35,74,43,837	39,83,63,535
ചെലവ്	35,17,84,000	35,33,06,600
നീക്കിയിരിപ്പ്	56,59,837	4,50,56,935

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേമെന്റ് ര

മുന്നിരിപ്പ് (₹)	36278635
വരവ് (₹)	280004628
ആകെ (₹)	316283263
ചെലവ് (₹)	253048821
നീക്കിയിരിപ്പ് (₹)	63234442
വരവിനങ്ങളിലുള്ള നഷ്ടം (₹)	103140
ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹)	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹)	105184753

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ് (₹)	അലോട്ട്മെന്റ് ലഭിച്ചത് (₹)	ആകെ (₹)	ചെലവ് (₹)	ലാ നീ (₹)
വികസനഫണ്ട് ജനറൽ	0	2,63,73,600	2,63,73,600	2,63,71,601	199
വികസനഫണ്ട് എസ്.സി.പി	0	1766000	1766000	1546656	219
മെയിന്റനൻസ് റോഡ്	0	19646000	19646000	17310083	233
മെയിന്റനൻസ് നോൺറോഡ്	0	41985990	41985990	31102143	108
സെൻട്രൽഫിനാൻസ് കമ്മീഷൻ-അൺടൈഡ് ബേസിക്	1080751	4114936	5195687	4789348	406
സെൻട്രൽഫിനാൻസ് കമ്മീഷൻ-ടൈഡ്	0**	5890850	5890850	5890850	0
സാക്ഷരത	17358	483	17841	0	178
ഗ്രാന്റ് ഫോർ പ്രോജക്ട്	841675	0	841675	0	841
സ്വച്ച് ഭാരത് അഭിയാൻ	174279	0	174279	0	174
ക്ലീൻ കേരള	1477917	0	1477917	0	147
സെൻട്രൽ ഗവഃഫണ്ട്	7287298	0	7287298	31835	725
അദർ ഗവൺമെന്റ് ഏജൻസീസ്	407600	0	407600	0	407
ഐ സി ഡി എസ്	0	960751	960751	803017	157
പി എം എ വൈ	31655 ***	2107726+6040 (പലിശ)	2145421	2097550	478
ഹെൽത്ത് ഗ്രാന്റ്	27126567	3757034	30883601	23850260*	703
ബേസിക് സർവ്വീസസ് ടു അർബൻ പുവർ	1115000	4500000	5615000	5615000	0
എം പി ഫണ്ട്	0	936007	936007	936007	0
എം എൽ എ ഫണ്ട്	0	69237	69237	69237	0
സ്വച്ഛ് ഭാരത് മിഷൻ	0	1990893	1990893	1990893	0
സ്വച്ഛ് ഭാരത് മിഷൻIEC	0	87750	87750	87750	0

സ്വച്ഛ് ഭാരത് മിഷൻIEC കപ്പാസിറ്റി ബിൽഡിംഗ്	0	2022	2022	2022	0
ടോട്ടൽ സാനിറ്റേഷൻ പ്രോഗ്രാം	0	288000	288000	288000	0
അമൃത്	0	4982378	4982378	4982378	0
എൻ യു എൽ എം	0	326401	326401	326401	0

* ഹെൽത്ത് ഗ്രാന്റ് വാർഷിക കണക്കിലെ ചെലവ് യഥാർത്ഥ ചെ
ഹെൽത്ത് ഗ്രാന്റ് ഓപ്പണിംഗ് ബാലൻസ് കറക്ഷനിൽ 23320784 രൂപ ജേണലി
ഉൾപ്പെടുന്നുണ്ട്
** ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് ഓപ്പണിംഗ് ബാലൻസിൽ ഉ
സർവ്വീസസ് ടു അർബൻ പുവറിൽ ഉൾപ്പെട്ട തുക എന്ന് വ്യക്തമാക്
ടൈഡ്, അൺടൈഡ് ചെലവ് വാർഷിക ധനകാര്യ പത്രിക, സുലേ
പൊരുത്തപ്പെടുന്നില്ല.
*** പി.എം.എ.വൈ ഓപ്പണിംഗ് ബാലൻസ് കറക്ഷനിൽ 31655 രൂപ ജേ
വർഷം ഡിമാന്റ് ചെയ്ത തനത് നികുതിയുടെ 90 ശതമാനം കൈവ
ജനറലിൽ 1 ശതമാനം തുക 266400 രൂപ കുറവ് ചെയ്തിട്ടുണ്ട്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ

അംഗീകാരം ലഭിച്ചത് (എണ്ണം)	അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	ചെലവ്	പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം
241	170782768	149	100508792	86	63	92	35.68

ക്രമ നമ്പർ	നിർവ്വഹണ ഉദ്യോഗസ്ഥൻ	പദ്ധതി അടങ്കൽ (₹)	അംഗീകരിച്ച പദ്ധതികളുടെ എണ്ണം	പദ്ധതി ചെലവ് (₹)	നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം	ചെ ശത
1	കൃഷി ഓഫീസർ	1912355	8	1618715	8	84.6
2	വെറ്റിനറി സർജ്ജൻ	2404800	8	2189101	8	91.0
3	മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി)	15383380	14	12363917	13	80.3
4	മെഡിക്കൽ ഓഫീസർ (ആയുർവേദം)	2610000	3	2604955	3	99.8
5	മെഡിക്കൽ ഓഫീസർ (ഹോമിയോ)	214525	2	214285	2	99.8

6	ഹെൽത്ത് ഓഫീസർ	8564538	16	1100000	1	12.84
7	ഹെഡ്മാസ്റ്റർ	8220856	22	8052621	22	97.9
8	ഐ.സി.ഡി.എസ് സൂപ്പർവൈസർ	6423977	11	6275030	11	97.68
9	സെക്രട്ടറി	27885631	31	14906320	21	53.4
10	മുനിസിപ്പൽ എഞ്ചിനീയർ	92463876	113	47417734	47	51.28
11	പ്രോജക്ട് ഓഫീസർ	4658830	12	3750114	12	80.49
12	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	40000	1	16000	1	40
	ആകെ	170782768	241	100508792	149	58.8

1-6-1 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി- അവലോ

1. 2024-25 വർഷം ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച 632 പ്ര ഏറ്റെടുക്കുകയും ഏറ്റെടുത്ത പ്രവൃത്തികൾ മുഴുവൻ പൂർ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

വർഷം	ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികൾ (എണ്ണം)	ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ, തൻവർഷ പദ്ധതികൾ)	പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ, തൻവർഷ പദ്ധതികൾ)
2024-25	632	96	96

2. തൊഴിലുറപ്പ് പദ്ധതി ജനപങ്കാളിത്തം സംബന്ധിച്ച വിവരം

ക്രമ നമ്പർ	ഇനം	എണ്ണം
1	തൻവർഷം പുതുതായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം	88
2	ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം	573
3	തൊഴിൽ ലഭിച്ച കുടുംബങ്ങൾ	333
4	100 ദിനം തൊഴിൽ ലഭിച്ച കുടുംബങ്ങൾ	63
5	തൊഴിൽ ആവശ്യപ്പെട്ടശേഷം തൊഴിൽ ലഭിച്ചവരുടെ ശതമാനം	58.11%
6	സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ	22188
7	തൊഴിൽ കാർഡ് നൽകാൻ ശേഷിക്കുന്ന കുടുംബങ്ങളുടെ എണ്ണം	0

4. എസ്.സി/എസ്.ടി പങ്കാളിത്തം

വർഷം	നഗരസഭയിലെ ആകെ എസ്.സി/ എസ്.ടി കുടുംബങ്ങൾ		രജിസ്റ്റർ ചെയ്ത എസ്.സി/ എസ്.ടി കുടുംബങ്ങൾ	
	എസ്.സി	എസ്.ടി	എസ്.സി	എസ്.ടി

2024-25	109	22	3	1

2024-25 വർഷം സാധനസാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ചെ
ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾ ചെയ്തിട്ടില്ല. മുനിസിപ്പാ
സോഷ്യൽ ഓഡിറ്റ് 3-9-2025 ന് പൂർത്തീകരിച്ചിട്ടുണ്ട്. മുൻസിപ
വർഷകാലയളവിൽ അനുവദിച്ച തുകയിൽ തിരികെ അടവാക്കാൻ
തൻവർഷം അഡ്വാൻസ് നൽകിയ 1662080 രൂപയും ചേർത്ത് ആകെ 26
ചെയ്തിട്ടുണ്ട്.

1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
155095	20520285	20675380	20653114	22266*

*ട്രഷറിയിൽ നീക്കിയിരിപ്പുണ്ടായിരുന്ന ₹583 ലാപ്സായി. ₹21683 കാനറ
നമ്പർ- 3157101001405) നീക്കിയിരിപ്പുണ്ട്.

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	2135200	129
വിധവാ പെൻഷൻ	20366200	1330
വാർദ്ധക്യകാല പെൻഷൻ	33259400	2490
ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ	5218000	338
വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം	150000	5
50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	5334200	340

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള
06.01.2026 തീയതിയിൽ 03.30 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത
₹70,480 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

മനുഷ്യവിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം
കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനം സ്ഥാപനത്തി
അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യ
ഉദ്യോഗസ്ഥസംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമ
നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനി
സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയി

എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉ
ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.
കൂത്തുപറമ്പ് നഗരസഭയിൽ 2024-25 വർഷത്തിലെ വാർഷിക ധനക
സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ് ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ
ഫണ്ട് വരവ് സംബന്ധിച്ച എ സി ആർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ,
എഴുതി സൂക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ,
രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് കാലികമ
കൃത്യമായി രേഖപ്പെടുത്തൽ നടത്തി സൂക്ഷിക്കേണ്ടതാണ്. ജീ
സംബന്ധിച്ച് ഓഫീസ് ഉത്തരവ് അതത് സമയം നൽകി വരുന്നുണ്ട്. ഓ
നവംബർ, ഡിസംബർ എന്നീ മാസങ്ങളിൽ മാത്രമാണ് ജീവനക്കാർ യോ
യോഗം ചേർന്ന് കാര്യങ്ങൾ വിശകലനം നടത്താൻ ശ്രദ്ധിക്കേണ്ടതാ
പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നികുതി പിരിവ് ഊർജിത
ഹരിത പ്രോട്ടോക്കോൾ പാലിക്കുന്നതിനും നിർദ്ദേശം നൽകുകയും
ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമ
എന്നാൽ നഗരസഭയുടെ കൈവശമുള്ള ഭൂമിയുടെ നികു
പുറമ്പോക്കുഭൂമിയുടെ സംരക്ഷണം സംബന്ധിച്ചും നൽകിയ ഓഡ
എൻകയറി നമ്പർ 64/27.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയ
തിട്ടപ്പെടുത്തി, ഭൂനികുതി ഒടുക്കു വരുത്തുകയും ഭൂമിയിലു
രേഖപ്പെടുത്തുന്ന വ്യക്ഷ രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.
മുനിസിപ്പാലിറ്റിയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ
ഓഡിറ്റിൽ വിലയിരുത്തുന്നു.

1-10 വാർഡ് സഭ

1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 42(എ-3) പ്രകാരം ക
ഒരിക്കലെങ്കിലും വാർഡ് സഭ യോഗം ചേരേണ്ടതാണ്. ഓഡിറ്റ് കലയള
മാത്രമേ വാർഡ് സഭകൾ ചേർന്നിട്ടുള്ളൂ. ജൂലൈ, ജനുവരി മാ
ചേർന്നിട്ടുള്ളത്. നിയമാനുസൃത വാർഡ് സഭകൾക്ക് പുറമെ ചേ
ചേർന്നതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓരോ
തീരുമാനങ്ങൾ അവിടെ വച്ചുതന്നെ എഴുതി ബന്ധപ്പെട്ട എല്ലാ
കൺവീനർ, ഉദ്യോഗസ്ഥർ, റിസോഴ്സ് പേഴ്സൺമാർ - പങ്കെടുത്ത സഭാം
ഒപ്പിടുവിച്ച് സെക്രട്ടറിയെ ഏല്പിക്കേണ്ട ഉത്തരവാദിത്തം
ഓർഡിനേററുടേതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആയത്
അനിവാര്യമായി നടക്കേണ്ട ചർച്ചകൾ (ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്
നിജസ്ഥിതി പരിശോധിക്കൽ, ദുരിതാശ്വാസനിധി വരവ് ചെലവ് പര
ചർച്ച ചെയ്യൽ എന്നിവ) നടന്നുകാണുന്നില്ല. വാർഡുസഭകൾ
ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനെയും സോഷ്യൽ ഓഡി
വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വികസന സെമ
നടന്നത്. സംസ്കാരം വർക്കിംഗ് ഗ്രൂപ്പ് ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പുക
ചേർന്നിട്ടുള്ളൂ. വാർഡ് സഭകൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ആസൂത്രണ
ഇടവേളകളിൽ തന്നെ യോഗം ചേരുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

1-11 കമ്മറ്റികളുടെ പ്രവർത്തനം

നഗരസഭയിൽ ഭരണസമിതി, സ്റ്റിയറിംഗ് കമ്മറ്റി എന്നിവ കൂ
സ്റ്റാൻഡിംഗ് കമ്മറ്റികൾ (ധനകാര്യം, വികസനം, ക്ഷേമം, ആരോഗ്യം,
രൂപീകരിച്ചിട്ടുണ്ട്. സ്റ്റാൻഡിംഗ് കമ്മറ്റികൾ കൃത്യമായി യോഗ
തീരുമാനങ്ങൾ ഭരണസമിതിയ്ക്ക് ശിപാർശ ചെയ്യുകയും ചെയ്യുന
ദിവസത്തിനകം തന്നെ മിനുട്സ് തയ്യാറാക്കി നഗരസഭാ ചെയർമാൻ മ
സമർപ്പിക്കേണ്ടതാണ്.
നഗരസഭയിൽ വിവിധ തലത്തിലുള്ള 16 വർക്കിംഗ് ഗ്രൂപ്പുക
വർഷക്കാലയളവിൽ "സംസ്കാരം" വർക്കിംഗ് ഗ്രൂപ്പുകൾ നാല് തവണ
രണ്ടുതവണ വീതവും യോഗം ചേർന്നിട്ടുണ്ട്. പദ്ധതി രൂപീകരണവ
ബന്ധപ്പെട്ട് ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരും നടപ്പിലാക്കുന്ന
സ്ഥിതിവിവരങ്ങളും അവലോകനം ചെയ്യുന്നതിനും മോണ
ഉദ്യോഗസ്ഥരുടെയും അതത് വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെയും മോണ
ചേർത്തിട്ടില്ല. പ്രൊജക്ട് നിർവ്വഹണത്തിന്റെ പ്രാരംഭഘട്ടവും പു
സംബന്ധിച്ച മോണിറ്ററിംഗും അതത് വർക്കിംഗ് ഗ്രൂപ്പുകളുടെ
ഗ്രൂപ്പുകളുടെ കൺവീനറായ നിർവഹണ ഉദ്യോഗസ്ഥർ പ്രൊജക്ട് മ
ഗ്രൂപ്പിന്റെ കൺവീനർ ചുമതല ഒഴിയേണ്ടതും, പദ്ധതി രൂപീകരണ
എന്നിവ ബാക്കി ഗ്രൂപ്പംഗങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്. നിർവ്വഹണ
മോണിറ്ററിംഗ് നടത്തി മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ഫയലുകളി
നിർവ്വഹണം സംബന്ധിച്ച് കൃത്യമായ വിലയിരുത്തലുകൾ നട
റിപ്പോർട്ടുകൾ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മിനിട്സ് ലഭ്യമാക്കാതിരുന്നതിനാൽ പ്രൊക്യൂയർമെന്റ് കമ്മറ്റി 2024-25
പരിശോധിക്കാനായിട്ടില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങു
തിട്ടപ്പെടുത്തിയുള്ള പ്രൊക്യൂയർമെന്റ് പ്ലാനും ബജറ്റും
നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെട
വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിക്കൊണ്ട് പ്രൊക്യൂയർമെന്റ് കമ
പർച്ചേസുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-12 രജിസ്ട്രേഷൻ പുതുക്കാത്ത പാരാമെഡിക്കൽ സ്
മുനിസിപ്പാലിറ്റി പരിധിയിൽ പ്രവർത്തിക്കുന്നു.

1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയ
സ്ഥാപനങ്ങളുടെയും റെജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത്
ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ
പ്രവർത്തിക്കുവാൻ പാടുള്ളതല്ല. എന്നാൽ കെ സ്മാർട്ട് ൽ ലഭ്യമായ
രജിസ്റ്റർ, ഹോസ്പിറ്റൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ ഡാറ്റ എന്
ലഭ്യമായ താഴെ പറയുന്ന സ്ഥാപനങ്ങൾ സ്വകാര്യ പാരാമെഡിക്കൽ രജ

ക്രമ നമ്പർ	കെട്ടിട നമ്പർ	സ്ഥാപന ഉടമയുടെ പേര്	
1	22/ 300,301	അൻവർ സാദത്	കൃപ
2	22/ 22	അബൂബക്കർ സി.കെ	പ

3	22/ 141	ജോസഫ് പി എം	ഇ
4	21/120/G	ആതിര രാജ്	കെയ
5	22/265	ഡോ. സുന്ദരം എം.കെ	
6	22/ 45	നൂർ ഉൽ ഹഖ്	
7	22/ 46	കെ.വി പ്രീത	
8	22/ 299/R,299/S	ഡോ. ശ്രീകുമാർ വാസുദേവൻ	
9	22/ 277	അനിത സുധീഷ്	അ
10	22 110/M	ഡോ. സുഹൈൽ സലിം	നോബ
11	22/ 53	മുഹമ്മദ് ഷഹീർ K.K	DR. ര
12	22 299/X	DR. ലത	മലബ
13	22/ 41	തോമസ് K.S,	
14	22/ 114/F, 114/G, 114/H	സിജാദ് വി പി	യൂ
15	25/ 494	അനൂപ് ഇ.കെ	കൂത്തു
16	6/ 2	DR. ഷാനിത് എം	
17	21/ 120/L	വീണ S S	വീ
18	25/905, 906	സുമേഷ് ടി.കെ	സ്
19	25/ 1020	ഷഹനാസ്	മാ

ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകപയറികൾക്ക് (നമ്പർ 6
മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരേ
പാരാ മെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേ

1-13 ട്യൂട്ടോറിയൽ രജിസ്ട്രേഷൻ ഇല്ലാതെ സ്ഥാപനങ്ങ

സ.ഉ.(പി).നം:111/2003/തസ്വഭവ തീയതി 28.03.2003 പ്രകാരം പുറപ്പെടുവിച്ച
ട്യൂട്ടോറിയൽ ഇൻസ്റ്റിറ്റ്യൂഷൻ രജിസ്ട്രേഷൻ ചട്ടങ്ങൾ 3(1) പ്രകാരം
ഏതൊരു ട്യൂട്ടോറിയൽ സ്ഥാപനവും മുനിസിപ്പാലിറ്റി പരിധിയിൽ സ്ഥ
കെ സ്മാർട്ട് ൽ ലഭ്യമായ 2024-25 വർഷത്തെ എഫ്.ടി.ഇ.& ഒ.എസ് ഡൈ

രജിസ്ട്രേഷൻ ഡാറ്റ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയ രജിസ്ട്രേഷൻ നടത്തിയിട്ടില്ല എന്ന് വ്യക്തമാകുന്നു.

സ്ഥാപനം	സ്ഥാപന ഉടമയുടെ പേര്	കെട്ടിട നമ്പർ
സാക് അക്കാദമി	റിയാസ് പി കെ	14/535 G
വിഷൻ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻ	അബ്ദുല്ല കെ ടി	22/110/Q,110/R,110/S
കസ്തൂർബ കോളേജ് ഓഫ് ഐ ടി എഡ്യൂക്കേഷൻ	ദീപ എം	25/918

ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നമ്പർ 62/24.01.20 സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും എടുത്തു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-14 കടമുറികളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല

നഗരസഭയിലെ ബസ് സ്റ്റാൻഡ് കോംപ്ലക്സ്, മാർക്കറ്റ് കോംപ്ലക്സ് ബസ്സ് സ്റ്റ കോംപ്ലക്സ് ടൗൺ ഹാൾ ബിൽഡിംഗ്, ബങ്ക്, ആമ്പിലാട് മിന എന്നിവിടങ്ങളിലെ വാടകയ്ക്ക് കൊടുത്ത മുറികളിൽ നിന്നും 2024 ഈടാക്കിയിട്ടില്ല. ലഭ്യമാക്കിയ വാടക രജിസ്റ്റർ പ്രകാരമുള്ള വിശദ വിവ

ക്രമ നമ്പർ	കൈവശക്കാരൻ	കെട്ടിടനമ്പർ	പ്ര വ
1	കെ.പി അഷറഫ്	701/25	
2	പി.കെ അബ്ബാസ്	Kmc 25/737	
3	പി. സനിൽ	705/25	
4	പിസനിൽ (വരാന്താ)	705/25	
5	ടി.സി സുമ	709/25	
6	സുലേഖ പി.സി	711/25	
7	ടി.കെ രാജൻ	710/25	
8	അനിത കെ	688/25	
9	ഗീത കെ	637/25	

10	കെ.വി റഫീഖ്	401 B12/14	
11	സുരേഷ് ബാബു	401 A18/14	
12	പി.ആർ. അബൂബക്കർ	401 A19/14	
13	ശ്രീജേഷ്എം	401 A25/14	
14	എം.പി സുമേഷ്	401 A26/14	
15	വി. രാജേഷ്	401 A27/14	
16	എ.ഡി രാമചന്ദ്രൻ	401 B4/14	
17	കക്കോത്ത് ഇബ്രാഹിം	FF8/14	
18	ടി.കെ മുസ്തഫ	FF9/14	
19	നജീബ്	FF11/14	
20	ടി.കെ മുസ്തഫ	FF15/14	
21	രാജൻ വി.ടി	KMC 1/1	
22	സജീവൻ വി.ടി	25/1	
23	കുടുംബശ്രീ അഗ്രിക്കൾച്ചർ കിയോസ്ക്	14/1	
24	സി.കെ അന്ത്രമാൻ	401 C13/14	
25	മുഹമ്മദ്	401/C12/14	
26	പി.പി മുസ്തഫ	401/C11/14	
27	കെ അബ്ദുള്ള	401 C3/14	
28	ഖാദർ പി.പി	401 C10/14	
29	മുഹമ്മദ് ദയൊരൊത്ത്	401 C5/14	
30	നാസർ പി.പി	401 C7/14	

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ
എൻകെയറിക്ക് (നം.20/19.01.2026) ക്രമ നമ്പർ (2) ശ്രീ പി. കെ അബ്ബാ
കടമുറി ചോർച്ച കാരണം ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥ ആ
ടിയാന്റെ അപേക്ഷ കൗൺസിൽ അംഗീകരിച്ച് സാധൂകര
അയച്ചിട്ടുണ്ടെന്നും മറ്റു കൈവശക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട
തുക ഈടാക്കി അറിയിക്കേണ്ടതാണ്.

1-15 വസ്തു നികുതി പരിഷ്ക്കരണ നടപടിക്രമങ്ങൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.03.2023 ലെ സ.ഉ.(കൈ) നം.77/2
പ്രാബല്യത്തിൽ നിലവിലുള്ള നികുതിദായകരുടെയും പുതിയ നികു
പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടു
കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നട
ഉൾപ്പെടുത്തേണ്ടതുണ്ട്. ഈ വിവരങ്ങളുടെയും 9 ബി ഫാറം
അടിസ്ഥാനത്തിൽ അധികനിർമ്മാണം നടത്തിയത് മുതലും ഘടനാ
ഉൾപ്പെടെയുള്ള മാറ്റം വന്ന കാലം മുതലും നികുതി പുനർനിർണ്ണയി

പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത
കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിക്കുന്നതിന് വേണ്ടി മുന
സ്വീകരിച്ച നടപടിക്രമങ്ങളുടെ വിവരവും പുരോഗതി വിവരവും ലഭ്യ
ഓഡിറ്റ് എൻകൗയറിക്ക് (നം.14/15.01.2026), നഗരസഭയിലെ G
അവസാനഘട്ടത്തിൽ ആണെന്നും നഗര സഭയിലെ എല്ലാ വാർ
ജിഐഎസ് മാപ്പിങ്ങും, അസ്സസ്സ്മെന്റ് രജിസ്റ്ററും പരിശോധിച്ച് വരി
കെട്ടിടങ്ങളിൽ 9B ഫോറം വഴി ലഭിച്ച വിവരങ്ങളും മാപ്പിങ്ങിലൂ
കണ്ടെത്തിയ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ പുതുക്
തയ്യാറാക്കികൊണ്ടിരിക്കുകയാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്
വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലത
നഷ്ടത്തിനിടയാക്കുമെന്നതിനാൽ നികുതി പുനർനിർണയം
ഊർജിതമാക്കേണ്ടതാണ്

1-16 വസ്തു നികുതി- വഴി സൗകര്യത്തിന്റെ അടിസ്ഥ വരുത്തിയിട്ടില്ല

